പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 35

24/01/2018 ൽ മറുപടിക്ക്

## ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. രാജൻ<br>,, മുല്ലക്കര രത്നാകരൻ<br>,, ആർ. രാമചന്ദ്രൻ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ മന്ത്രി) | |
| (എ) | ഒരു ആരാധനാലയത്തെ ദേശീയ തീർത്ഥാടന കേന്ദ്രം ആയി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ദേശീയ തീർത്ഥാടന കേന്ദ്രം ആയി പ്രഖ്യാപിക്കുന്നതും അതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതും കേന്ദ്ര സർക്കാരാണ്. |
| (ബി) | വിദേശത്തുനിന്നു പോലും തീർത്ഥാടകർ എത്തുന്ന ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; | (ബി) | ശബരിമലയെ ഒരു ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കാൻ കേന്ദ്ര സർക്കാരിനോട് 14.05.2015 ൽ സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നു. ഇത് കൂടാതെ 2017-18 ലെ ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന തെന്നിന്ത്യൻ സംസ്ഥാനങ്ങളുടെ ദേവസ്വം മന്ത്രിമാരുടെ യോഗത്തിലും ശബരിമലയെ ഒരു ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കാൻ ഐകകണ്ഠേന തീരുമാനം കൈക്കൊണ്ടതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാറിന് വീണ്ടും ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചാൽ ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ? | (സി) | ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചാൽ നിലവിൽ പ്രധാനമായും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് തീർത്ഥാടകർ എത്തിച്ചേരുന്ന ശബരിമല ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന തീർത്ഥാടന കേന്ദ്രമായി മാറുന്നതാണ്. കൂടാതെ ശബരിമലയുടെ ഭാവി വികസനത്തിന് മതിയായ കേന്ദ്ര ഫണ്ട് ലഭ്യമാകുന്നതാണ്. തീർത്ഥാടകർക്കായി അന്തർ ദേശീയ നിലവാരത്തിലുള്ള സൗകര്യങ്ങൾ ശബരിമലയിൽ ഒരുക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ